**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് -ജീവനക്കാര്യം-അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ ക്ലാർക്ക് ,ശ്രീ.ബിനോയ് ബി- യെ സർവീസിൽ നിന്നും പിരിച്ചുവിട്ടു ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :-

1. ഉത്തരവ് നമ്പർ E1/16181/2007/DME Dated:08/06/2011
2. ഉത്തരവ് നമ്പർ E1/13013/2014/DME, തീയതി 12/06/2014
3. ഉത്തരവ് നമ്പർ E6/13013/14/DME, തീയതി 14/05/2019
4. സർക്കുലർ നമ്പർ 83/2020/ധന, തീയതി 30/12/2020
5. 06/09/2024 തീയതിയിലെ ഇതേ നമ്പർ കത്ത്.
6. 16/10/2024 .തീയതിയിൽ E6/4603/2024/DME നമ്പർ പ്രകാരം നൽകിയ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
7. Letter.No-H-M2/268/2024-HEALTH , Dated:10-12-24.
8. Letter.No.R.O/565/F2/2024/I&PRD, Dated:12/12/2024

**ഉത്തരവ് നമ്പർ. ഇ6/4603/2024 /മെ.വി.വ തീയതി: 03-04-2025**

ശ്രീ.ബിനോയ് ബി , ക്ലാർക്ക് തസ്തികയിൽ പരാമർശം (1) ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമിതനാകുകയും 22/06/2011-ൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് Appendix XII A part I, KSRs പ്രകാരം അഞ്ചു വർഷത്തേക്ക് ശൂന്യവേതനാവധി സൂചന(2) പ്രകാരം അനുവദിച്ചു ഉത്തരവാകുകയും 17/06/2014 മുതൽ ടിയാൻ അവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് ടിയാൻറെ അപേക്ഷയിൽ സൂചന (3) പ്രകാരം17/06/2019 മുതൽ വീണ്ടും 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചു ഉത്തരവായി. പ്രസ്തുത അവധിയുടെ കാലാവധി 16/06/2024-ൽ അവസാനിച്ചിട്ടും ടിയാൻ ജോലിക്ക് നാളിതുവരെ ഹജരായിട്ടില്ല .

ശൂന്യവേതന അവധിയിൽ ഉള്ള ജീവനക്കാർ അവധി അവസാനിക്കുന്ന മുറക്ക് തിരികെ ജോലിക്ക് ഹാജരാകാതിരിക്കുന്ന പക്ഷം കെ എസ് ആർ ഭാഗം I അനുബന്ധം XII-A ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചു സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പരാമർശം (4) സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി 7 ദിവസത്തിനകം ജോലിയിൽ തിരികെ പ്രവേശിക്കാൻ സൂചന (5) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. അവധി സമയത്ത് കത്തിടപാടിനായി ടിയാൻ തന്നെ നൽകിയിട്ടുള്ള മേൽവിലാസത്തിൽ ആണ് ആയത് അയച്ചിട്ടുള്ളത്. എന്നാൽ ടിയാൻ ജോലിക്ക് ഹാജരായില്ല.

1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ

പ്രകാരം ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ താത്കാലികമായി തീരുമാനിച്ചിരിക്കുന്നതായും ഇതിനെതിരെ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ സൂചന (6) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകിയിരുന്നു. പതിനഞ്ച് ദിവസത്തിനകം കാരണം ബോധിപ്പിച്ചില്ലെങ്കിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാൻ ഇല്ല എന്ന നിഗമനത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ടിയാൻ നൽകിയിട്ടുള്ള മേൽവിലാസത്തിൽ അറിയിച്ചിരുന്നു.എന്നാൽ ടിയാൻ ആയത് കൈപ്പറ്റാത്തതിനാൽ തപാൽ വകുപ്പ് ആയത് മടക്കി.

തുടർന്ന് സൂചന (8) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ പ്രചാരം ഉള്ള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ടിയാനെ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശിക്കുകയും ഉണ്ടായി.

അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ശ്രീ.ബിനോയ്.ബി-ക്ക് സർക്കാർ സേവനത്തിൽ പുനഃപ്രവേശിക്കുന്നതിന് നിരവധി അവസരം നൽകിയെങ്കിലും ടിയാൻ ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും മതിയായ കാരണങ്ങൾ ബോധിപ്പിക്കുകയും ചെയ്യാതെ ഗുരുതരമായ അച്ചടക്ക ലംഘനമാണ് നടത്തിയിരിക്കുന്നത്.

അനധികൃതമായി ജോലിയിൽ ഹാജരാകാരിക്കുന്ന എല്ലാ സബോർഡിനേറ്റ്/നോൺ ഗസറ്റഡ് ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ (സേവനത്തിൽ നിന്നും പിരിച്ചു വിടുന്നതുൾപ്പെടെയുള്ളവ) വകുപ്പ് മേലധികാരി തലത്തിൽ (Rule 11 & 13 KCS & CCA പ്രകാരം) പൂർത്തിയാക്കാൻ സൂചന (7) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ ഇരിക്കേ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീ. ബിനോയ് ബി -യെ 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 11 & 13 പ്രകാരം സർവീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ.ബിനോയ് ബി-യുടെ പേരിൽ സർക്കാരിലേക്ക്
ബാധ്യതകൾ നിലവിലുള്ള/കണ്ടെത്തുന്ന പക്ഷം ആയതു നിയമപ്രകാരം ഈടാക്കുന്നതാണ് .

Signed by
Thomas Mathew
Date: 03-04-2025 19:09:10

THOMAS MATHEW
DIRECTOR

സ്വീകർത്താവ് 1 Sri.Binoy B,Plavunilkkunnathil,Edapurayil,Thattayil.P.O, Adoor,Pathanamthitta,PIN 691525

പകർപ്പ്

1. ബിൽ സെക്ഷൻ/ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ